"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ'Four Laning of Vazhayila-Pazhakutty-Kacherinada- 11th stone - Reach 1 - Vazhayila to Keltron Junction നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.55/2024/PWD തീയതി,തിരുവനന്തപുരം, 19-10-2024

---

പരാമർശം:-

1. 01.11.2016-ലെ സഉ(സാധാ)1502/2016/പൊമവ
2. 06.02.2017-ലെ സ.ഉ(പി)നം. 16/2017/ധന
3. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.03.2024-ലെ PWD004-104/TE-4/2024/KIIFB നം. നടപടിക്രമങ്ങൾ
4. പ്രോജക്റ്റ് ഡയറക്ടർ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് , കേരള റോഡ് ഫണ്ട് ബോർഡ്-ന്റെ 26.06.2024, 06.08.2024 തീയതികളിലെ PDKRFB-TVPM/23/2022-PE6 നം. കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ Four Laning of Vazhayila-Pazhakutty-Kacherinada- 10th stone പ്രവൃത്തിക്ക് മേൽ പരാമർശം 1 -ലെ ഉത്തരവ് പ്രകാരം 50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നതും Special Purpose Vehicle ആയി പ്രവൃത്തിയുടെ നിർവ്വഹണ ചുമതല കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുള്ളതുമാണ്. പിന്നീട് പ്രവൃത്തിക്കായി കിഫ്ബിയിൽ നിന്ന് മേൽ പരാമർശം 3 പ്രകാരം 928.87 കോടിരൂപയുടെ പുതുക്കിയ ധനാനുമതി നൽകിയിരുന്നു. പ്രവൃത്തിയുടെ നിർവഹണം ലളിതമാക്കുന്നതിനായി പ്രവൃത്തിയെ വഴയില മുതൽ കെൽട്രോൺ ജംഗ്ഷൻ, കെൽട്രോൺ ജംഗ്ഷൻ മുതൽ വാളിക്കോട് ജംഗ്ഷൻ , വാളിക്കോട് ജംഗ്ഷൻ മുതൽ പഴകുറ്റി വരെ എന്നിങ്ങനെ 3 ഘട്ടങ്ങളായി വിഭജിച്ചു.

2. ആദ്യ സ്ട്രെച്ച് ആയ വഴയില മുതൽ കെൽട്രോൺ ജംഗ്ഷൻ വരെയുള്ള പ്രവൃത്തിയിൽ 3.94 കിമീ റോഡ് 4 വരിപ്പാതയാക്കലും, കരകുളത്ത് ഒരു പാലം നിർമ്മാണവും ഉൾപ്പെട്ടിരിക്കുന്നു. മേൽ പ്രവൃത്തിക്ക് 98.96 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി 17.02.2024-ൽ ടെണ്ടർ ചെയ്തു. ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ 04.03.2024-ൽ പ്രവൃത്തി റീ-ടെണ്ടർ (രണ്ടാം ടെണ്ടർ) ചെയ്തിരുന്നു. രണ്ടാം ടെണ്ടറിൽ M/s. Cherian Varkey Construction Co Pvt Ltd , M/s. The Uralungal Labour Contract Co- operative Society എന്നിവർ സമർപ്പിച്ച രണ്ട് ടെണ്ടറുകൾ ലഭിച്ചിരുന്നു. കുറഞ്ഞ തുക ക്വോട്ട് ചെയ്ത ബിഡറായ M/s Cherian Varkey Construction Co Pvt Ltd ക്വോട്ട് ചെയ്ത തുക 93,64,98,902.55/- രൂപ എസ്റ്റിമേറ്റ് പിഎസി-യെക്കാൾ 17.85% അധികമായിരുന്നു. 04.05.2019-ലെ സ.ഉ (പി) നം. 54/2019/ധന ഉത്തരവ് പ്രകാരം കുറഞ്ഞ തുക ക്വോട്ട് ചെയ്ത ബിഡറുമായി ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത ഇനങ്ങളുടെ തുക കുറക്കുന്നതിനായി അനുരഞ്ജന ചർച്ച നടത്തിയിരുന്നു. തുടർന്ന് ബിഡർ ക്വോട്ടഡ് തുക എസ്റ്റിമേറ്റ് പിഎസി-യെക്കാൾ 17.85% അധികവും, LMR Estimate തുകയായ 106,39,32,541.22/-. രൂപയെക്കാൾ 11.98% കുറവുമായ Rs.93,64,70,601.78/- രൂപയിലേക്ക് കുറച്ചിരുന്നു.

3. M/s Cherian Varkey Construction Co Pvt Ltd സമർപ്പിച്ച എസ്റ്റിമേറ്റ് പിഎസി-യെക്കാൾ 17.85% അധികവും, LMR Estimate തുകയായ 106,39,32,541.22/- രൂപയെക്കാൾ 11.98% കുറവുമായ negotiated quoted തുക 93,64,70,601.78/- അംഗീകാരത്തിനായി 06.06.2024-ൽ ചേർന്ന ടെണ്ടർ അപ്രൂവൽ കമ്മറ്റി മുൻപാകെ സമർപ്പിച്ചിരുന്നു. പ്രവൃത്തിയുടെ 2ാം ടെണ്ടർ ആയതിനാലും , ക്വോട്ടഡ് തുക അംഗീകരിക്കാവുന്ന നിരക്കിൽ അധികമാണ് എന്നതിനാലും ബിഡ് അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് കമ്മറ്റി ശിപാർശ ചെയ്തു. പ്രവൃത്തിയുടെ അടിയന്തര സ്വഭാവവും, പ്രദേശത്തെ ജനങ്ങളുടെയും ജന പ്രതിനിധികളുടെയും ദീർഘകാലമായുള്ള ആവശ്യവും പരിഗണിച്ചും പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനായി negotiated quoted തുകയായ 93,64,70,601.78/- രൂപക്ക് പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മേൽ പരാമർശം 4 പ്രകാരം പ്രോജക്റ്റ് ഡയറക്ടർ, പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് , കേരള റോഡ് ഫണ്ട് ബോർഡ് ആവശ്യപ്പെട്ടിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു, തിരുവനന്തപുരം ജില്ലയിലെ 'Four Laning of Vazhayila-Pazhakutty-Kacherinada- 11th stone - Reach 1 - Vazhayila to Keltron Junction നിർമ്മാണ പ്രവൃത്തിയ്ക്കായി M/s Cherian Varkey Construction Co Pvt Ltd സമർപ്പിച്ച negotiated quoted തുകയായ 93,64,70,601.78/-രൂപ (തൊണ്ണൂറ്റിമൂന്ന് കോടി അറുപത്തിനാല് ലക്ഷത്തി എഴുപതിനായിരത്തി അറുനൂറ്റിയൊന്ന് രൂപ എഴുപത്തിയെട്ട് പൈസ മാത്രം) എസ്റ്റിമേറ്റ് പി.എ.സി. -യെക്കാൾ 17.85% അധികവും, എൽ.എം.ആർ തുകയെക്കാൾ 11.98% കുറവും ആയിട്ടുള്ള സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന കെ.ആർ.എഫ്.ബി പ്രോജക്റ്റ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് മേൽ പരാമർശം 2 പ്രകാരമുള്ള പൊതുനിബന്ധനയായ "ടെണ്ടറിൽ ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് അല്ലെങ്കിൽ പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ നിലവിലുള്ള ഡിഎസ്ആർ നിരക്കിനോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും പരമാവധി ടെണ്ടർ എക്സസ്" എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

പ്രോജക്റ്റ് ഡയറക്ടർ, പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് , കേരള റോഡ് ഫണ്ട് ബോർഡ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ , പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് , കേരള റോഡ് ഫണ്ട് ബോർഡ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് 2849832 I&PW-B3/164/2024-FIN dated 07.09.2024)
പൊതുഭരണ (എസ്.സി) വകുപ്പ് (16.10.2024-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം. നം. 2463)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
സെക്ഷൻ ഓഫീസർ
Date: 21-10-2024 13:09:21

പകർപ്പ്-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുമരാമത്ത് സെക്രട്ടറിയുടെ പി.എ.